# കേരള സർവകലാശാല

നം. പി.ആർ.017/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### തിരഞ്ഞെടുപ്പ് മാറ്റി വച്ചു.

കേരള സർവകലാശാല ജനുവരി ഒമ്പതിലെ വിജ്ഞാപന പ്രകാരം നടത്തുവാൻ നിശ്ചയിച്ചിരുന്ന സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മറ്റിയിലേക്കുളള സെനറ്റ്/സിൻഡിക്കേറ്റ് പ്രതിനിധികളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ മാറ്റിവച്ചതായി സർവകലാശാല രജിസ്ട്രാർ അറിയിച്ചു.

### ബി.വോക് പരീക്ഷാഫലം

കേരള സർവകലാശാല 2016 ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ ഒന്നും നാലും സെമസ്റ്റർ ബി.വോക് ഡിഗ്രി പ്രോഗ്രാം ഇൻ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് (351) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാത്രമേ അപേക്ഷിക്കാവൂ.

### ബി.എ.എസ്.എൽ.പി. ഡിഗ്രി പരീക്ഷ

കേരള സർവകലാശാല ഫെബ്രുവരി ആറിന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.എ.എസ്.എൽ.പി. ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ ജനുവരി 25 (50 രൂപ പിഴയോടെ ജനുവരി 27, 250 രൂപ പിഴയോടെ ജനുവരി 31) വരെ അപേക്ഷിക്കാം.

കേരള സർവകലാശാല ഫെബ്രുവരി ഏഴിന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി. (സി.ബി.സി.എസ്) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ ജനുവരി 28 (50 രൂപ പിഴയോടെ ജനുവരി 30, 250 രൂപ പിഴയോടെ ജനുവരി 31) വരെ അപേക്ഷിക്കാം.

കേരള സർവകലാശാല ഫെബ്രുവരി 22ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി. ഓൾഡ് സ്ക്കീം സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി ഏഴ് (50 രൂപ പിഴയോടെ ഫെബ്രുവരി 9, 250 രൂപ പിഴയോടെ ഫെബ്രുവരി 13) വരെ അപേക്ഷിക്കാം.

### പി.ജി.ഡി.ജി.ഐ.എസ്.ടി പ്രവേശനം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ പി.ജി ഡിപ്ലോമ ഇൻ ജിയോ-ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജി (പി.ജി.ഡി.ജി.ഐ.എസ്.ടി) പരീക്ഷാഫലം വെബ്സൈറ്റിൽ www.keralauniversity.ac.in) ലഭിക്കും.

### ലീഡർഷിപ്പ് ട്രെയിനിംഗ് ക്യാമ്പ് മാറ്റി വച്ചു.

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡൻസ് സെന്റർ, പി.എം.ജിയിൽ വച്ച് 2017 ജനുവരി 27,28 തീയതികളിൽ നടത്താനിരുന്ന ലീഡർഷിപ്പ് ട്രെയിനിംഗ് ക്യാമ്പ്, ചില സാങ്കേതിക കാരണങ്ങളാൽ മാറ്റി വച്ചു. പുതിക്കിയ തീയതി അറിയിക്കും (തിരുവനന്തപുരം, പത്തനംതിട്ട എഡിഷനുകളിൽ പ്രസിദ്ധീകരിക്കുന്നതിന്).

## അപേക്ഷകൾ ക്ഷണിച്ചു

കേരള സർവകലാശാല പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിനുള്ള (റെഗുലർ/ബ്രിഡ്ജ്) 2016-17 അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷ ഫോറം സർവകലാശാല വെബ് സൈറ്റിൽ നിന്ന് ഡോൺലോഡ് ചെയ്തു എടുക്കാവുന്നതാണ്. യോഗ്യരായ ഗവേഷണ വിദ്യാർത്ഥികൾ പൂരിപ്പിച്ച അപേക്ഷ ഫോറവും അനുബന്ധ രേഖകളും രജിസ്ട്രാർ, കേരള സർവകലാശാല,പാളയം,തിരുവനന്തപുരം-695034 എന്ന വിലാസത്തിൽ ഫെബ്രുവരി 20 അഞ്ചു മണിക്ക് മുമ്പായി സമർപ്പിക്കണം.

## പി.ജി.ഡി.എച്ച്.ആർ.എം., പി.ജി.ഡി.എം.എം, പി.ജി.ഡി.ടി.ടി.എം സപ്ലിമെന്ററി പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ഫെബ്രുവരി മാസം ആരംഭിക്കുന്ന പി.ജി.ഡി.എച്ച്.ആർ.എം., പി.ജി.ഡി.എം.എം, പി.ജി.ഡി.ടി.ടി.എം സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ ജനുവരി 25 (50 രൂപ പിഴയോടെ ജനുവരി 28, 250 രൂപ പിഴയോടെ ജനുവരി 31) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

23.01.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098